## 170/2024-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?
   - (A) ബംഗാളിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയാണ് ശാശ്വത ഭൂനികുതി വ്യവസ്ഥ
   - (B) ബംഗാളിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയാണ് റയട്ട്വാരി വ്യവസ്ഥ
   - (C) വടക്കു പടിഞ്ഞാറൻ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയാണ് റയട്ട്വാരി വ്യവസ്ഥ
   - (D) ബംഗാളിൽ നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥയാണ് മഹൽവാരി വ്യവസ്ഥ

2. ചോർച്ചാ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാരാണ്?
   - (A) ഗോപാലകൃഷ്ണ ഗോഖലെ
   - (B) രമേഷ് ചന്ദ്രദത്ത്
   - (C) ദാദാഭായ് നവറോജി
   - (D) ബാലഗംഗാധര തിലകൻ

3. ദത്താവകാശ നിരോധന നിയമം നടപ്പിലാക്കിയ ഗവർണർ ജനറൽ ആരാണ്?
   - (A) കാനിംഗ് പ്രഭു
   - (B) ഡൽഹൗസി പ്രഭു
   - (C) വെല്ലസ്ലി പ്രഭു
   - (D) കോൺവാലിസ് പ്രഭു

4. താഴെപ്പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത്?
   - (A) 1857-ലെ വിപ്ലവത്തിന്റെ ലഖ്നൗവിലെ നേതാവായിരുന്നു നാനാസാഹിബ്
   - (B) 1857-ലെ വിപ്ലവത്തിന്റെ ലഖ്നൗവിലെ നേതാവായിരുന്നു ബഹദൂർഷാ രണ്ടാമൻ
   - (C) 1857-ലെ വിപ്ലവത്തിന്റെ ലഖ്നൗവിലെ നേതാവായിരുന്നു താന്തിയാതോപ്പി
   - (D) 1857-ലെ വിപ്ലവത്തിന്റെ ലഖ്നൗവിലെ നേതാവായിരുന്നു ഹസ്രത്ത് മഹൽ

5. ഇന്ത്യയുടെ പതാകയായി ത്രിവർണ്ണപതാക അംഗീകരിച്ചത് ഏത് സമ്മേളനത്തിലാണ്?
   - (A) കറാച്ചി സമ്മേളനം
   - (B) കൊൽക്കത്ത സമ്മേളനം
   - (C) ബോംബെ സമ്മേളനം
   - (D) ലാഹോർ സമ്മേളനം

6. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം തയ്യാറാക്കിയതാരാണ്?
   - (A) ജവഹർലാൽ നെഹ്റു
   - (B) മഹാത്മാഗാന്ധി
   - (C) രാജഗോപാലാചാരി
   - (D) ഡോ. ബി.ആർ. അംബേദ്കർ

7. തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രത്തലവനുള്ള രാജ്യം ഏതു പേരിലറിയപ്പെടുന്നു?
   - (A) ഫെഡറൽ
   - (B) റിപ്പബ്ലിക്
   - (C) ഡെമോക്രാറ്റിക്
   - (D) സോഷ്യലിസ്റ്റ്

8. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തെക്കുറിച്ച് ഇന്ത്യൻ ഭരണഘടനയിൽ എവിടെയാണ് പ്രതിപാദിച്ചിരിക്കുന്നത്?
   (A) മൗലികാവകാശങ്ങളിൽ
   (B) നിർദ്ദേശകതത്ത്വങ്ങളിൽ
   (C) ആമുഖത്തിൽ
   (D) മൗലിക കടമകളിൽ

9. ഇന്ത്യൻ ഭരണഘടനയുടെ മൗലീകാവകാശങ്ങളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?
   (A) മൗലീകാവകാശങ്ങൾ ഭാഗം I - ൽ ഉൾപ്പെടുത്തിയിരിക്കുന്നു
   (B) മൗലീകാവകാശങ്ങൾ ഭാഗം II - ൽ ഉൾപ്പെടുത്തിയിരിക്കുന്നു
   (C) മൗലീകാവകാശങ്ങൾ ഭാഗം III - ൽ ഉൾപ്പെടുത്തിയിരിക്കുന്നു
   (D) മൗലീകാവകാശങ്ങൾ ഭാഗം IV - ൽ ഉൾപ്പെടുത്തിയിരിക്കുന്നു

10. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 21A എന്തിനുള്ള അവകാശമാണ് ഉറപ്പ് നൽകുന്നത്?
   (A) ജോലി
   (B) സ്വകാര്യത
   (C) സമത്വം
   (D) വിദ്യാഭ്യാസം

11. മലബാറിലെ കർഷക കലാപങ്ങളെപ്പറ്റി പഠിക്കാൻ ബ്രിട്ടീഷുകാർ നിയമിച്ച കമ്മീഷൻ:
   (A) വില്ല്യം ലോഗൻ കമ്മീഷൻ
   (B) ഹണ്ടർ കമ്മീഷൻ
   (C) സൈമൺ കമ്മീഷൻ
   (D) കപൂർ കമ്മീഷൻ

12. കുറിച്ച്യ കലാപത്തിന്റെ നേതാവാര്?
   (A) പഴശ്ശിരാജാവ്
   (B) വേലുത്തമ്പി ദളവ
   (C) രാമൻ നമ്പി
   (D) ബിർസ മുണ്ട

13. “സർവ്വ വിദ്യാധിരാജ” എന്നറിയപ്പെട്ടതാരെയാണ്?
   (A) ചട്ടമ്പിസ്വാമികൾ
   (B) ബ്രഹ്മാനന്ദ ശിവയോഗി
   (C) ശ്രീനാരായണഗുരു
   (D) വാഗ്ഭടാനന്ദൻ

14. സാമൂഹികമായി അടിച്ചമർത്തപ്പെട്ടവരുടെ ബൈബിൾ എന്നറിയപ്പെടുന്ന പത്രം ഏത്?
   (A) കേരളകൗമുദി
   (B) കേരളസഞ്ചാരി
   (C) മിതവാദി
   (D) കേരളപത്രിക

15. കല്ലുമാല പ്രക്ഷോഭത്തിന്റെ നേതാവാരാണ്?
   (A) സഹോദരൻ അയ്യപ്പൻ
   (B) അയ്യങ്കാളി
   (C) ബാരിസ്റ്റർ ജി.പി. പിള്ള
   (D) ആഗമാനന്ദൻ

16. G20 കൂട്ടായ്മയിൽ ഉൾപ്പെടാത്ത രാജ്യമേത്?
   (A) ഇൻഡോനേഷ്യ
   (B) മെക്സികോ
   (C) ബ്രസീൽ
   (D) സിംഗപ്പൂർ

17. ഇസ്രായേലിൽ നിന്നും പാലസ്തീനിൽ നിന്നും തങ്ങളുടെ പൗരന്മാരെ കൊണ്ടുവരാൻ ഇന്ത്യ ആരംഭിച്ച ഓപ്പറേഷന്റെ പേരെന്താണ്?
   (A) ഓപ്പറേഷൻ അജയ്
   (B) ഓപ്പറേഷൻ അഭയ്
   (C) ഓപ്പറേഷൻ അടൽ
   (D) ഓപ്പറേഷൻ അരുൺ

18. 'പട്ടിണി ഇല്ലാതാക്കൽ, സാമൂഹ്യ നീതി, തുല്യതയിലധിഷ്ഠിതമായ വളർച്ച' - ഈ ഉദ്ദേശത്തോട് കൂടി തുടങ്ങിയ പഞ്ചവൽസര പദ്ധതി:

(A) ഒമ്പതാം പഞ്ചവൽസര പദ്ധതി
(B) എട്ടാം പഞ്ചവൽസര പദ്ധതി
(C) പത്താം പഞ്ചവൽസര പദ്ധതി
(D) പതിനൊന്നാം പഞ്ചവൽസര പദ്ധതി

19. ഏത് ഇന്ത്യൻ സംസ്ഥാനവുമായി ബന്ധപ്പെട്ടാണ് ഇന്ത്യയും ചൈനയും തമ്മിൽ തർക്കം നിലനിൽക്കുന്നത്?

(A) ആസ്സാം
(B) മേഘാലയ
(C) സിക്കിം
(D) അരുണാചൽ പ്രദേശ്

20. സ്വതന്ത്ര്യ ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം. ഈ വിഷയത്തെ കുറിച്ച് താഴെ പറയുന്നതിൽ ശരിയല്ലാത്ത പ്രസ്താവന(കൾ) ഏത്?

(i) സംസ്ഥാന പുനസംഘടനാ നിയമം 1956-ൽ നിലവിൽ വന്നു
(ii) എം.എൻ. കുൻസ്രു ആയിരുന്നു അതിന്റെ അദ്ധ്യക്ഷൻ
(iii) മലയാളിയായ കെ.എം. പണിക്കർ അതിൽ അംഗമായിരുന്നു

(A) (i) & (ii)
(B) (ii) മാത്രം
(C) (iii) മാത്രം
(D) (ii) & (iii)

21. മുംബൈ, കൊച്ചി, മധുര, ചെന്നൈ, കണ്ട്‌ല, മംഗലാപുരം - ഈ കൂട്ടത്തിൽ പെടാത്ത പട്ടണം ഏത്?

(A) കൊച്ചി
(B) മധുര
(C) കണ്ട്‌ല
(D) ചെന്നൈ

22. ഭക്രാനംഗൽ അണക്കെട്ടിന്റെ പ്രാധാന്യം താഴെപ്പറയുന്നവയിൽ ഏതെല്ലാമാണ്?

(i) വൈദ്യുതോൽപാദനത്തിന് വേണ്ടി മാത്രം നിർമ്മിച്ചത്
(ii) സത്‌ലജ് നദിയിൽ സ്ഥിതിചെയ്യുന്നു
(iii) ജലസേചനത്തിന് വേണ്ടി മാത്രം നിർമ്മിച്ചത്
(iv) വിവിധോദ്ദേശ പദ്ധതി

(A) (iii) മാത്രം
(B) (i) & (ii)
(C) (i) മാത്രം
(D) (ii) & (iv)

23. ഹരിത കേരള മിഷനും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സംയുക്തമായി തുടങ്ങിയ 'പച്ചത്തുരുത്ത്' എന്ന പദ്ധതി ഏത് ജില്ലയിലാണ് നടപ്പാക്കുന്നത്?

(A) കൊല്ലം
(B) തിരുവനന്തപുരം
(C) കോഴിക്കോട്
(D) എറണാകുളം

24. താഴെ പറയുന്നവയിൽ കേന്ദ്ര അഭ്യന്തര മന്ത്രാലയം നൽകുന്ന ദേശീയ പുരസ്കാരം ഏത്?

(A) അദ്ധ്യാപക പുരസ്കാരം
(B) ദന്വന്തരി പുരസ്കാരം
(C) ജീവൻ രക്ഷാ പതക്
(D) പ്രധാനമന്ത്രി രാഷ്ട്രീയ ബാല പുരസ്കാർ

25. നിസാം സാഗർ നദീതട പദ്ധതി ഏത് നദിയിലാണ് സ്ഥിതിചെയ്യുന്നത്?

(A) ഗംഗ (B) കാവേരി

(C) കൃഷ്ണ (D) ഗോദാവരി

26. ഇന്ത്യയുടെ ഏറ്റവും തെക്കേയറ്റത്തുള്ള മേജർ തുറമുഖം ഏതാണ്?

(A) വിശാഖപട്ടണം (B) കൊച്ചി

(C) തൂത്തുക്കുടി (D) കൃഷ്ണപട്ടണം

27. 'ദക്ഷിൺ' എന്ന സംസ്കൃത പദത്തിൽ നിന്ന് പേര് ലഭിച്ച പീഠഭൂമി ഏത്?

(A) ചോട്ടാനാഗ്പൂർ (B) ഡക്കാൻ പീഠഭൂമി

(C) മാൾവാ പീഠഭൂമി (D) കച്ച് പീഠഭൂമി

28. ഹിമാചൽ പ്രദേശിനെ ലഡാക്കുമായി ബന്ധിപ്പിക്കുന്ന ചുരം ഏതാണ്?

(A) ബാരാലച്ചാ ലാ ചുരം (B) നാഥുലാ ചുരം

(C) റോഹ് താങ് ചുരം (D) ബനിഹാൽ ചുരം

29. ഏത് രേഖാംശത്തിലെ സമയമാണ് ഇന്ത്യയുടെ പൊതുവായ സമയമായി അംഗീകരിച്ചിട്ടുള്ളത്?

(A) 82½° പൂർവ്വരേഖാംശം (B) 68° കിഴക്കൻ രേഖാംശം

(C) 84½° പൂർവ്വരേഖാംശം (D) 90° പൂർവ്വരേഖാംശം

30. ബൽവന്ത്റായി മേത്ത കമ്മിറ്റി, അശോക് മേത്ത കമ്മിറ്റി എന്നിവയിൽ നിന്നുള്ള എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇന്ത്യയുടെ 73/74 ഭരണഘടന ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

(i) ത്രിതല പഞ്ചായത്ത് സംവിധാനം

(ii) പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് ഭരണഘടന സാധുത

(iii) ഗ്രാമപഞ്ചായത്തിൽ പരോക്ഷ തിരഞ്ഞെടുപ്പ്

(iv) വാർഷിക തിരഞ്ഞെടുപ്പ് രീതി

(A) (ii) & (iii) മാത്രം (B) (i) & (ii) മാത്രം

(C) മുകളിൽ തന്നിരിക്കുന്നതെല്ലാം (D) (i) & (iii) മാത്രം

31. പ്രാചീന ശിലായുഗത്തിനെക്കുറിച്ച് വിവരങ്ങൾ നൽകുന്ന കേരളത്തിലെ പ്രദേശം :

(A) ഇടമലയാർ (B) എടയ്ക്കൽ ഗുഹ

(C) അമ്പുകുത്തിമല (D) ബേക്കൽ കോട്ട

32. കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതി ഏതാണ്?

(A) പള്ളിവാസൽ (B) ശബരിഗിരി

(C) ഇടുക്കി (D) മുധിരംപുഴ

33. കേരളത്തിലെ ഏറ്റവും വലിയ കോട്ട സ്ഥിതിചെയ്യുന്നത് ഏത് വില്ലേജിലാണ്?

(A) പള്ളിക്കര (B) കാസർഗോഡ്

(C) നിറമൻകര (D) സുൽത്താൻ ബത്തേരി

34. സഞ്ചാര സ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രധാന പ്രക്ഷോഭം താഴെപറയുന്നവയിൽ ഏതാണ്?

(A) ഗുരുവായൂർ സത്യാഗ്രഹം (B) ചാന്നാർ ലഹള

(C) പൂക്കോട്ടൂർ ലഹള (D) വൈക്കം സത്യാഗ്രഹം

35. താഴെപ്പറയുന്നവയിൽ ഏത് വിളയുടെ ഉൽപാദനത്തിലാണ് സംസ്ഥാനടിസ്ഥാനത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമുള്ളത്?

(A) കാപ്പി (B) തേയില
(C) കരിമ്പ് (D) പരുത്തി

36. 1859-ൽ കേരളത്തിൽ എവിടെയാണ് ആദ്യത്തെ കയർ ഫാക്ടറി ആരംഭിച്ചത്?

(A) തൃശ്ശൂർ (B) കൊല്ലം
(C) ആലപ്പുഴ (D) കണ്ണൂർ

37. മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണം എന്ന് പരാമർശിക്കുന്ന ആദ്യകാല ഗ്രന്ഥം ഏതാണ്?

(A) ഒന്നേകാൽ കോടി മലയാളികൾ (B) ഇന്ത്യയെ കണ്ടെത്തൽ
(C) പശ്ചിമോദയം (D) സംക്ഷേപവേദാർഥം

38. താഴെപ്പറയുന്നവയിൽ ആനമുടിയെക്കുറിച്ചുള്ള തെറ്റായ പരാമർശം ഏതാണ്?

(A) ഇന്ത്യൻ ഉപദ്വീപിയ പീഠഭൂമിയിലെ ഏറ്റവും ഉയരമേറിയ കൊടുമുടി
(B) ഇരവികുളം ദേശീയോദ്യാനം ഉൾപ്പെടുന്ന പ്രദേശം
(C) കേരളത്തിലെ വയനാട് ജില്ലയിൽ സ്ഥിതിചെയ്യുന്നു
(D) ഏകദേശം 2695 മീറ്റർ ഉയരം

39. കേരളത്തിന്റെ കായിക തലസ്ഥാനം എന്നറിയപ്പെടുന്നത് ഏത് സ്ഥലമാണ്?

(A) കോതമംഗലം (B) തലശ്ശേരി
(C) പയ്യന്നൂർ (D) അരുവിക്കര

40. 2025-ലെ G-20 ഉച്ചകോടിയ്ക്ക് വേദിയാകുന്ന രാജ്യം ഏതാണ്?

(A) ബ്രസീൽ (B) ഇന്ത്യ
(C) ഫ്രാൻസ് (D) ദക്ഷിണാഫ്രിക്ക

41. കേരളത്തിന്റെ ഇപ്പോഴത്തെ കായിക വകുപ്പ് മന്ത്രി ആരാണ്?

(A) വി. അബ്ദുറഹ്മാൻ (B) പി. രാജീവ്
(C) എ.കെ. ശശീന്ദ്രൻ (D) ജി.ആർ. അനിൽ

42. ലക്ഷദ്വീപിൽ ബ്രാഞ്ച് ആരംഭിച്ച ആദ്യ സ്വകാര്യ ബാങ്ക് ഏതാണ്?

(A) HDFC (B) ICICI
(C) IDFC (D) IDBI

43. 2024-ലെ മികച്ച നടനുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ നടൻ :

(A) ദിലീപ് (B) പൃഥ്വിരാജ്
(C) മമ്മൂട്ടി (D) മോഹൻലാൽ

44. 2024 പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്കുവേണ്ടി നീരജ് ചോപ്ര ജാവലിൻ 89.45 മീറ്റർ എറിഞ്ഞ് വെള്ളി മെഡൽ സ്വന്തമാക്കി. സ്വർണ്ണമെഡൽ നേടിയത് പ്രതിസന്ധികളെ അതിജീവിച്ച് ഒളിമ്പിക്സിന് എത്തിയ ഒരു പാകിസ്ഥാൻ താരമാണ്. ആരാണ് അദ്ദേഹം?

(A) ആൻഡേഴ്സൺ പീറ്റേഴ്സ് (B) ജൂലിയൻ വെബ്ബർ
(C) അർഷാദ് നദീം (D) ജാൻ സെലേസ്നി

45. ലോക നാട്ടറിവ് ദിനം:

(A) അഗസ്റ്റ് 22
(B) അഗസ്റ്റ് 24
(C) അഗസ്റ്റ് 23
(D) അഗസ്റ്റ് 21

46. ലോകാരോഗ്യ സംഘടന അനുമതി നൽകിയ ടാക് 003 വാക്സിൻ ഏത് വൈറസിനെതിരെ ഉള്ളതാണ്?

(A) റോട്ടവൈറസ്
(B) ഇൻഫ്ലുവൻസ വൈറസുകൾ
(C) ഡെങ്കി വൈറസ്
(D) എച്ച് ഐ വി

47. 2024 ൽ മികച്ച സിനിമയ്ക്കുള്ള 96-ാം ഓസ്കാർ അവാർഡ് ക്രിസ്റ്റഫർ നോളൻ സംവിധാനം ചെയ്ത ഓപൺഹെയ്മറിനാണ്. മികച്ച നടനുള്ള ഓസ്കാർ പുരസ്കാരം നേടിയതാര്?

(A) റോബർട്ട് ഡൌണി ജൂനിയർ
(B) കില്ല്യൻ മർഫി
(C) ടോം ഹോളണ്ട്
(D) ജിമ്മി കമ്മൽ

48. രണ്ടാം പിണറായി സർക്കാരിന്റെ പുതിയ പട്ടികജാതി പട്ടികവർഗ പിന്നോക്ക ക്ഷേമവകുപ്പ് മന്ത്രിയാണ് ഒ.ആർ.കേളു അദ്ദേഹം ഏത് മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ. ആണ്.

(A) സുൽത്താൻ ബത്തേരി
(B) കൽപ്പറ്റ
(C) മാനന്തവാടി
(D) വണ്ടൂർ

49. 2024 കേന്ദ്രസാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരത്തിന് അർഹനായ ഉണ്ണി അമ്മയമ്പലത്തിന്റെ കൃതി :

(A) അൽഗോരിതങ്ങളുടെ നാട്
(B) മീശക്കള്ളൻ
(C) ഉൽക്കകൾ
(D) ഉറ്റവർ

50. 2024 കോപ്പ അമേരിക്ക ഫുട്ബോൾ ജേതാക്കൾ:

(A) ബ്രസീൽ
(B) കൊളംബിയ
(C) കാനഡ
(D) അർജന്റീന

51. മനുഷ്യ മസ്തിഷ്കത്തിൽ ആദ്യമായി വയർലെസ് ചിപ്പ് (ഇംപ്ലാന്റ്) വിജയകരമായി സ്ഥാപിച്ച ഇലോൺ മാസ്കിന്റെ കമ്പനി:

(A) ന്യൂറ ലിങ്ക്
(B) മൈക്രോസോഫ്റ്റ്
(C) എൻവീഡിയ
(D) ആപ്പിൾ

52. 70-ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ കളിവള്ളം തുഴയുന്ന നീലപൊൻമാനിന് നൽകിയ പേര് :

(A) അപ്പു
(B) ചിന്നു
(C) നീലു
(D) പൊന്നു

53. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ആഹാരം ചവച്ചരയ്ക്കാൻ സഹായിക്കുന്ന പല്ലുകൾ തെരഞ്ഞെടുത്തെഴുതുക :

(i) ഉളിപ്പല്ല്
(ii) ചർവണകം
(iii) കോമ്പല്ല്
(iv) അഗ്രചർവണകം

(A) (i) & (ii)
(B) (ii) & (iii)
(C) (ii) & (iv)
(D) (i) & (iv)

54. സൂര്യപ്രകാശമേൽക്കുമ്പോൾ ശരീരത്തിൽ നിർമ്മിക്കപ്പെടുന്ന വിറ്റാമിൻ ഏത്?
(A) വിറ്റാമിൻ A (B) വിറ്റാമിൻ C
(C) വിറ്റാമിൻ B (D) വിറ്റാമിൻ D

55. ഏത് വിളയുടെ സങ്കരയിനമാണ് 'സൽക്കീർത്തി'?
(A) വെണ്ട (B) നെല്ല്
(C) പയർ (D) തെങ്ങ്

56. വനാവകാശനിയമം നിലവിൽ വന്ന വർഷം ഏത്?
(A) 2007 (B) 2006
(C) 2005 (D) 2008

57. സൈലന്റ് വാലി ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ച വർഷം ഏത്?
(A) 1980 (B) 1984
(C) 1988 (D) 1986

58. 2024-ലെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ (IFFI) നടന്ന സംസ്ഥാനം ഏത്?
(A) കർണാടക (B) മഹാരാഷ്ട്ര
(C) ഗോവ (D) കേരളം

59. ഇലക്ട്രിക് മണ്ണ് വികസിപ്പിച്ചെടുത്ത ലോകത്തിലെ ആദ്യ രാജ്യം ഏത്?
(A) ജപ്പാൻ (B) ഇൻഡ്യ
(C) ബംഗ്ലാദേശ് (D) സ്വീഡൻ

60. വൈദ്യുത സർക്കീട്ടുകളെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായവ ഏത്?
(i) ഒരു സർക്കീട്ട് പൂർത്തിയായിട്ടുണ്ടെങ്കിൽ അത് അടഞ്ഞ സർക്കീട്ട് ആണ്
(ii) ഒരു സർക്കീട്ട് പൂർത്തിയായിട്ടില്ലെങ്കിൽ അത് തുറന്ന സർക്കീട്ട് ആണ്
(iii) അടഞ്ഞ സർക്കീട്ടിൽ മാത്രമേ ഉപകരണങ്ങൾ പ്രവർത്തിക്കൂ
(iv) തുറന്ന സർക്കീട്ടിൽ മാത്രമേ ഉപകരണങ്ങൾ പ്രവർത്തിക്കൂ
(A) (i), (ii), (iii) എന്നിവ ശരിയാണ് (B) (i), (ii), (iv) എന്നിവ ശരിയാണ്
(C) (ii), (iv) എന്നിവ മാത്രം ശരിയാണ് (D) (iv) മാത്രം ശരിയാണ്

61. തുല്യ വലിപ്പമുള്ള രണ്ട് സമതലദർപ്പണങ്ങൾക്കിടയിൽ വച്ചിരിക്കുന്ന ഒരു വസ്തുവിന്റെ പ്രതിബിംബങ്ങളുടെ എണ്ണം 3 ആകണമെങ്കിൽ ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ് എത്ര ഡിഗ്രി ആയിരിക്കണം?
(A) 60° (B) 90°
(C) 120° (D) 180°

62. കാന്തങ്ങളെപ്പറ്റിയുള്ള ചില വിവരങ്ങൾ നൽകിയിരിക്കുന്നു. ശരിയായവ ഏതെല്ലാം?
(i) കാന്തത്തിന്റെ ശക്തി ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് അതിന്റെ മധ്യഭാഗത്താണ്
(ii) സ്വതന്ത്രമായി കെട്ടിത്തൂക്കിയ ഒരു ബാർകാന്തം തെക്കുവടക്ക് ദിശയിൽ സ്ഥിതിചെയ്യും
(iii) ഒരു കാന്തത്തിന്റെ ഭക്ഷിണധ്രുവവും മറ്റൊരു കാന്തത്തിന്റെ ഉത്തരധ്രുവവും പരസ്പരം ആകർഷിക്കും
(A) (i), (ii), (iii) എന്നിവ ശരിയാണ് (B) (i), (ii) എന്നിവ മാത്രം ശരിയാണ്
(C) (i), (iii) എന്നിവ മാത്രം ശരിയാണ് (D) (ii), (iii) എന്നിവ മാത്രം ശരിയാണ്

63. ധാതുക്കൾ, അയിരുകൾ എന്നിവയെ സംബന്ധിച്ച ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?

(A) എല്ലാ ധാതുക്കളും അയിരുകളാണ് എന്നാൽ എല്ലാ അയിരുകളും ധാതുക്കളല്ല
(B) അയിരുകളിൽ അതത് ലോഹം ഉയർന്ന സാന്ദ്രതയിൽ അടങ്ങിയിരിക്കുന്നു
(C) ധാതുക്കൾ എല്ലായ്പ്പോഴും അവയുടെ ശുദ്ധമായ രൂപത്തിൽ കാണപ്പെടുന്നു
(D) അയിരുകൾ എല്ലായ്പ്പോഴും ലോഹമല്ല

64. വിനാഗിരി, ബേക്കിംഗ് സോഡയുമായി പ്രവൃത്തിക്കുമ്പോൾ ഉണ്ടാകുന്ന വാതകത്തിന്റെ സവിശേഷത ആയി വരാവുന്നത് താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(A) ഇത് തീപിടിക്കുന്ന വാതകമാണ്
(B) വാഹനങ്ങളുടെ ടയറുകളിൽ കാറ്റടിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന വാതകമാണ്
(C) ഇത് തീ കെടുത്തുന്ന വാതകമാണ്
(D) ഇത് രൂക്ഷ ഗന്ധമുള്ള വാതകമാണ്

65. സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ തൊഴിൽവകുപ്പിനെ അറിയിക്കാനുള്ള കോൾ സെന്ററിന്റെ പേര് താഴെ കൊടുത്തവയിൽ ഏതാണ്?

(A) സഹജ
(B) സ്ഥൈര്യ
(C) സഹിതം
(D) സഫലം

66. കേരള ഡിജിറ്റൽ സർവകലാശാല വികസിപ്പിച്ച എ ഐ ചിപ്പിന്റെ പേര്?

(A) ജമൈനി
(B) മലയാളി
(C) കൈരളി
(D) ഡിജിഎഐ

67. ലോകവ്യാപകമായി പടർന്ന് പിടിച്ച കോവിഡ്-19 ആദ്യമായി പൊട്ടിപുറപ്പെട്ട സ്ഥലം :

(A) ബെയ്ജിങ്
(B) ഹോങ്കോങ്
(C) വുഹാൻ
(D) ഷാങ്ഹായ്

68. താഴെപ്പറയുന്നവയിൽ ജീവിതശൈലിരോഗം അല്ലാത്തത് ഏത്?

(A) പ്രമേഹം
(B) രക്താതിമർദ്ദം
(C) പക്ഷാഘാതം
(D) ടൈഫോയ്ഡ്

69. സ്തനാർബുദം കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന ഏറ്റവും ഫലപ്രദമായ ടെസ്റ്റ് :

(A) ആൻജിയോഗ്രാം
(B) റാപ്പിഡ് ആന്റിജൻ ടെസ്റ്റ്
(C) മാമോഗ്രാം
(D) പാപ്പ് സ്മിയർ ടെസ്റ്റ്

70. എച്ച് ഐ വി ബാധിതരുടെ ടെസ്റ്റിംഗിനും കൗൺസിലിംഗിനുമായി കേരള ഗവൺമെന്റ് ആവിഷ്ക്കരിച്ച സംവിധാനം :

(A) ജ്യോതിസ്
(B) പുലരി
(C) ആശ
(D) ഉഷസ്

71. 2024 സെപ്റ്റംബറിൽ എം. പോക്സ് സ്ഥിരീകരിച്ച കേരളത്തിലെ ജില്ല :

(A) പാലക്കാട്  (B) കോഴിക്കോട്
(C) മലപ്പുറം  (D) തൃശ്ശൂർ

72. ജലജന്യ രോഗമായ കോളറ പരുത്തുന്ന രോഗാണു :

(A) വിബ്രിയോ  (B) സാൽമൊണല്ല
(C) വേരിയോള  (D) അമീബ

73. നവജാതശിശുക്കളിലെ ജനനവൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനായി കേരള ഗവൺമെന്റ് രൂപം കൊടുത്ത പദ്ധതി :

(A) ഹൃദ്യം  (B) ശലഭം
(C) ആരോഗ്യകിരണം  (D) ആർദ്രം

74. ജലസ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിനുള്ള വില കുറഞ്ഞതും ഫലപ്രദവുമായ മാർഗ്ഗം :

(A) ആലം  (B) ബ്ലീച്ചിംഗ് പൗഡർ
(C) സോഡിയം ബൈകാർബണേറ്റ്  (D) പൊട്ടാസ്യം പെർമാംഗനേറ്റ്

75. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി സ്ഥിതി ചെയ്യുന്ന സ്ഥലം :

(A) ഡൽഹി  (B) ബോംബെ
(C) കൽക്കട്ട  (D) പൂനെ

76. താഴെപ്പറയുന്നവരിൽ ആരാണ് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി :

(A) മൻസുഖ് മാണ്ഡവ്യ  (B) ശിവരാജ് സിങ്ങ് ചൗഹാൻ
(C) ജെ. പി. നഡ്ഡ  (D) പിയൂഷ് ഗോയൽ

77. ജീവിതശൈലി രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി കേരള ഗവൺമെന്റ് രൂപീകരിച്ച നൂതന പദ്ധതി :

(A) അമൃതം ആരോഗ്യം  (B) ആരോഗ്യകേരളം
(C) വയോമിത്രം  (D) നയനമിത്രം

78. താഴെപ്പറയുന്നവയിൽ ഏത് മാർഗ്ഗേണയാണ് ഹെപ്പറ്റൈറ്റിസ്-എ (Hepatitis A) പകരുന്നത്?

(A) മുറിവുകളിൽ കൂടി
(B) രോഗിയുമായി മുഖാമുഖം വരുന്നതിൽ കൂടി
(C) വായുവിൽ കൂടി
(D) മലിനമായ ഭക്ഷണ പാനീയങ്ങളിൽ കൂടി

79. ബ്രിട്ടനിൽ കണ്ടെത്തിയ പുതിയ രക്തഗ്രൂപ്പിന് നൽകിയിരിക്കുന്ന പേരെന്താണ്?

(A) എൻ.എച്ച്.എസ്.  (B) എം.എ.എൽ.
(C) എ.എൻ.ഡബ്ല്യു.ജെ.  (D) എൻ.എച്ച്.എസ്.ബി.ടി.

80. താഴെപ്പറയുന്നവയിൽ ജന്തുജന്യരോഗങ്ങൾ എന്ന വിഭാഗത്തിൽ പെടുന്ന രോഗങ്ങൾ ഏതെല്ലാം?

(i) നിപ

(ii) പോളിയോ

(iii) എം. പോക്സ്

(iv) ക്ഷയം

(A) (i), (iii) എന്നിവ
(B) (ii), (iii) എന്നിവ
(C) (ii), (iv) എന്നിവ
(D) മേൽപ്പറഞ്ഞവയൊന്നുമല്ല

81. 7654325 എന്ന സംഖ്യയെ 11 കൊണ്ടു ഹരിക്കുമ്പോൾ ലഭിക്കുന്ന ശിഷ്ടം എത്രയാണ്?

(A) 0
(B) 3
(C) 8
(D) 7

82. ഒരു സമഭുജത്രികോണത്തിന്റെ ചുറ്റളവ് 12.9 സെ.മീ. ആണ്. അതിന്റെ ഒരു വശത്തിന്റെ നീളം എത്രയാണ്?

(A) 31 സെ.മീ.
(B) 3.1 സെ.മീ.
(C) 12 സെ.മീ.
(D) 4.3 സെ.മീ.

83. ഒരു സംഖ്യയിൽ നിന്നും $\frac{3}{8}$ കുറച്ച് വീണ്ടും $\frac{1}{8}$ കുറക്കുമ്പോൾ $\frac{5}{12}$ കിട്ടുന്നു. ആദ്യത്തെ സംഖ്യ ഏത്?

(A) $\frac{11}{12}$
(B) $\frac{3}{8}$
(C) $\frac{13}{24}$
(D) $\frac{11}{24}$

84. $\frac{1.25-0.25}{1.25+0.75} =$

(A) 1
(B) 0.5
(C) 0.75
(D) 0.25

85. തുടർച്ചയായ 5 സംഖ്യകളുടെ തുക 510 നടുവിലത്തെ സംഖ്യ എത്ര?

(A) 210
(B) 55
(C) 15
(D) 105

86. രണ്ട് ചതുരങ്ങളുടെ നീളങ്ങൾ യഥാക്രമം 12 cm ഉം 10 cm ഉം ആണ്. വീതി യഥാക്രമം 6 cm ഉം 8 cm ഉം ആണ്. അവയുടെ പരപ്പളവുകൾ തമ്മിലുള്ള അംശബന്ധം എത്രയാണ്?

(A) 10 : 9
(B) 24 : 14
(C) 9 : 10
(D) 11 : 7

87. $2 \times 5 \times 7 \times 4 \times 2 \times 5 \times 7$ എന്നതിന്റെ വർഗമൂലം എത്ര?

(A) 140
(B) 280
(C) 120
(D) 300

88. 1500 രൂപ പരസ്യവിലയുള്ള ഒരു സാരി 8% ഡിസ്കൗണ്ടിൽ വിൽക്കുന്നു. അയാൾക്ക് 20% ലാഭം ലഭിക്കുന്നുവെങ്കിൽ സാരിയുടെ യഥാർത്ഥ വില എത്ര?

(A) 1380
(B) 1150
(C) 1200
(D) 1080

89. $+8 \times +12 \div +4 \times -6 =$

(A) 144
(B) – 144
(C) 4
(D) – 4

90. 160 m നീളമുള്ള ഒരു ട്രയിൻ 200 m നീളമുള്ള ഒരു പ്ലാറ്റ്ഫോമിൽ നിൽക്കുന്ന ഒരാളെ 8 sec. കൊണ്ട് മറികടക്കുന്നു. പ്ലാറ്റ് ഫോം കടന്നു പോകുന്നതിന് ട്രെയിനെടുത്ത സമയം എത്ര?

(A) 20 sec.
(B) 18 sec.
(C) 40 sec.
(D) 8 sec.

91. 1, 8, 27, 64, 125, _______

(A) 256
(B) 216
(C) 144
(D) 316

92. വിട്ടുപോയത് കണ്ടുപിടിക്കുക.

9, 11, 15, ______ , 29, 39

(A) 19
(B) 20
(C) 17
(D) 21

93. EYE = 828, ARM = 639 എങ്കിൽ EAR =

(A) 368
(B) 189
(C) 863
(D) 936

94. ബാബു A എന്ന സ്ഥലത്തു നിന്നും യാത്ര പുറപ്പെട്ട് 6 km കിഴക്കോട്ട് സഞ്ചരിച്ചു B യിലെത്തി. B യിൽ നിന്നും വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 3 km സഞ്ചരിച്ച് C യിൽ എത്തി. C യിൽ നിന്നും വീണ്ടും ഇടത്തോട്ട് 6 km സഞ്ചരിച്ച് D യിൽ എത്തി. A യിൽ നിന്നും എത്ര കി.മീ. അകലെയാണ് ബാബു ഇപ്പോൾ നിൽക്കുന്നത്?

(A) 6
(B) 3
(C) 9
(D) 12

95. ഒരു വരിയിൽ അഞ്ജുവിന്റെ സ്ഥാനം മുൻപിൽ നിന്നും 11-ാമത്തെ ആളും പുറകിൽ നിന്നാണെങ്കിൽ 7-ാമത്തെ ആളും ആണ്. വരിയിൽ ആകെ എത്ര ആളുകളുണ്ട്?

(A) 18
(B) 16
(C) 15
(D) 17

96. $2.02 \div 202$ എത്രയാണ്?

(A) 0.101
(B) 0.100
(C) 0.010
(D) 0.001

97. $x : y = 4 : 3$ $y : z = 6 : 5$ ആയാൽ $x : z$ എത്ര?

(A) 16 : 9
(B) 36 : 10
(C) 4 : 18
(D) 24 : 15

98. ഇപ്പോൾ വാച്ചിൽ 12 മണി. ക്ലോക്കിൽ 12.15 ആകുന്നതിന് എത്ര സെക്കന്റ് കഴിയണം?

(A) 15 സെക്കന്റ്
(B) 30 സെക്കന്റ്
(C) 900 സെക്കന്റ്
(D) 90 സെക്കന്റ്

99. അബുവിന്റെ ഇപ്പോഴത്തെ പ്രായം മകന്റെ പ്രായത്തിന്റെ 4 മടങ്ങാണ്. 4 വർഷം മുമ്പ് അത് മകന്റെ പ്രായത്തിന്റെ 7 മടങ്ങായിരുന്നു. അങ്ങനെയാണെങ്കിൽ അബുവിന്റെ പ്രായമെത്ര?

(A) 28
(B) 32
(C) 40
(D) 44

100.




(A) 8
(B) 9
(C) 12
(D) 1

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK

**FINAL ANSWER KEY**
**Question Paper Code:170-2024 M**
**Question Paper Medium:Malayalam**
**Category Code:535/2023**
**Name Of Post & Department:LGS- Various- Thiruvananthapuram,Kottayam, Thrissur 535/2023**
**Date Of Test:30-Nov-2024**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | A | X | C | A |
| 2 | C | A | D | C |
| 3 | B | B | A | B |
| 4 | D | B | C | D |
| 5 | X | C | A | A |
| 6 | A | D | C | A |
| 7 | B | A | B | C |
| 8 | B | C | D | B |
| 9 | C | A | A | D |
| 10 | D | C | A | X |
| 11 | A | B | C | A |
| 12 | C | D | B | B |
| 13 | A | A | D | B |
| 14 | C | A | X | C |
| 15 | B | C | A | D |
| 16 | D | B | B | A |
| 17 | A | D | B | C |
| 18 | A | B | D | C |
| 19 | D | B | X | A |
| 20 | B | D | C | D |
| 21 | B | X | A | B |
| 22 | D | C | D | B |
| 23 | X | A | B | D |
| 24 | C | D | B | X |
| 25 | D | X | C | A |
| 26 | C | A | A | A |
| 27 | B | A | C | B |
| 28 | A | D | A | D |
| 29 | A | A | D | C |
| 30 | X | C | A | B |
| 31 | X | A | A | A |
| 32 | A | C | B | A |
| 33 | A | A | D | X |
| 34 | D | D | C | X |
| 35 | A | A | B | A |
| 36 | C | A | A | A |
| 37 | A | B | A | D |
| 38 | C | D | X | A |
| 39 | A | C | X | C |
| 40 | D | B | A | A |
| 41 | A | A | A | C |
| 42 | A | A | D | A |
| 43 | B | X | A | D |
| 44 | C | C | C | D |
| 45 | A | B | A | A |
| 46 | C | C | D | C |
| 47 | B | A | A | C |
| 48 | C | D | C | A |
| 49 | A | A | C | C |
| 50 | D | C | A | B |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | A | C | C | C |
| 52 | C | A | B | A |
| 53 | C | A | B | D |
| 54 | D | B | C | C |
| 55 | A | B | D | D |
| 56 | B | C | C | A |
| 57 | B | D | D | B |
| 58 | C | C | A | B |
| 59 | D | D | B | C |
| 60 | A | D | C | C |
| 61 | B | B | A | A |
| 62 | D | C | C | B |
| 63 | B | A | A | D |
| 64 | C | C | B | B |
| 65 | A | A | D | C |
| 66 | C | B | B | A |
| 67 | C | C | B | D |
| 68 | D | A | B | C |
| 69 | C | B | D | A |
| 70 | A | B | C | D |
| 71 | C | D | A | B |
| 72 | A | C | D | A |
| 73 | B | A | B | C |
| 74 | B | D | A | D |
| 75 | D | B | C | C |
| 76 | C | A | D | A |
| 77 | A | C | C | C |
| 78 | D | D | A | A |
| 79 | B | C | C | B |
| 80 | A | A | A | B |
| 81 | C | C | B | C |
| 82 | D | A | D | D |
| 83 | A | B | C | C |
| 84 | B | B | B | B |
| 85 | X | B | D | D |
| 86 | C | B | C | C |
| 87 | A | D | D | D |
| 88 | B | C | C | A |
| 89 | B | B | B | B |
| 90 | B | D | D | X |
| 91 | B | C | C | C |
| 92 | D | D | D | A |
| 93 | C | C | A | B |
| 94 | B | B | B | B |
| 95 | D | D | X | B |
| 96 | C | C | C | B |
| 97 | D | D | A | D |
| 98 | C | A | B | C |
| 99 | B | B | B | B |
| 100 | D | X | B | D |

'X' denotes deletion

Approved For Publication
Sd/-
Section officer